**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1012** **02-02-2026 - ൽ മറുപടിയ്ക്ക്**

**വണ്ടൂർ മണ്ഡലത്തിലെ വന്യമൃഗ ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വണ്ടൂർ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കടുവ, പുലി, ആന, കാട്ടുപന്നി തുടങ്ങിയ വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വണ്ടൂർ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കടുവ, പുലി, ആന, കാട്ടുപന്നി എന്നിവമൂലം മനുഷ്യ-വന്യമൃഗ സംഘർഷമുണ്ടാകുന്നുണ്ട്. മണ്ഡലത്തിലെ കരുവാരക്കുണ്ട് പഞ്ചായത്തിൽ 2025-ൽ കാടിന് സമീപമുള്ള തോട്ടത്തിൽ ഇറങ്ങി ഒരാൾക്ക് ജീവഹാനിയുണ്ടാക്കിയ കടുവയെ കൂടുവച്ച് പിടികൂടി പുത്തൂരിലുള്ള തൃശ്ശൂർ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റിയിട്ടുണ്ട്. |
| (ബി) | മണ്ഡലത്തിൽ വന്യമൃഗ ശല്യം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | വനത്തിന് പുറത്തുള്ള കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ അംഗീകൃത ഷൂട്ടർമാരെ ഉപയോഗിച്ച് ഉൻമൂലനം ചെയ്തുവരുന്നുണ്ട്. നിലമ്പൂർ സൗത്ത്ഡിവിഷനിലെ അമരമ്പലം ആസ്ഥാനമായി പ്രവർത്തിക്കുന്ന RRT വണ്ടൂർ മണ്ഡലത്തിൽ വിവിധ പ്രദേശങ്ങളിൽ മനുഷ്യ-വന്യമൃഗ സംഘർഷത്തിന്റെ വിവരം ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കരുവാരക്കുണ്ട് ഫോറസ്റ്റ് സ്റ്റാഫ് നിരന്തരം കാളികാവ്, കരുവാരക്കുണ്ട് ഭാഗങ്ങളിൽ രാത്രികാല പട്രോളിംഗ് ചെയ്തുവരുന്നുണ്ട്. പഞ്ചായത്തുകളുമായി സഹകരിച്ച് പ്രൈമറി റെസ്പോൺസ് ടീമുകൾ ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള നടപടികളും ആവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിക്കുകയും നിലവിലുള്ളവ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്ത് ഉപയോഗപ്രദമാക്കുകയും ചെയ്തുവരുന്നുണ്ട്. സൈലന്റ് വാലി നാഷണൽ പാർക്ക് റെയിഞ്ച് പരിധിയിൽ വരുന്നതും, വണ്ടൂർ മണ്ഡലത്തിൽ ഉൾപ്പെടുന്നതുമായ |

| | | | |
|---|---|---|---|
| | | | കൽക്കുണ്ട് എസ്.സി ഉന്നതിക്ക് സമീപം 580 മീറ്റർ സോളാർ ഫെൻസ് നിർമ്മിച്ചിട്ടുണ്ട്. |
| (സി) | മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ വന്യമൃഗ ആക്രമണത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും സർക്കാർ നൽകി വരുന്ന ധനസഹായം പൂർണ്ണമായും നൽകിയിട്ടുണ്ടോ; ആർക്കൊക്കെ എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | വണ്ടൂർ മണ്ഡലത്തിൽ 2016-17 മുതൽ 2025-26 (29/01/2026 വരെ) മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ മരണപ്പെട്ട അഞ്ചുപേരുടെ അനന്തരാവകാശികൾക്ക് ധനസഹായം പൂർണ്ണമയും അനുവദിച്ചിട്ടുണ്ട്. രണ്ട് പേരുടെ അനന്തരാവകാശികൾക്ക് അഞ്ച് ലക്ഷം രൂപ വീതം അടിയന്തര ധനസഹായമായി അനുവദിച്ചിട്ടുള്ളതും അനുവദിക്കാൻ ബാക്കിയുള്ള അഞ്ചു ലക്ഷം രൂപ നടപടിക്രമങ്ങൾ പൂർത്തിയാക്കി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത കാലയളവിൽ പരിക്കേറ്റ 16 പേർക്ക് 8,78,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഈയിനത്തിൽ തുക പൂർണ്ണമായും നൽകിയിട്ടുള്ളതാണ്. മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും നൽകിയ ധനസഹായത്തിന്റെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ധനസഹായം നൽകാൻ ശേഷിക്കുന്നവർക്ക് എന്നത്തേയ്ക്ക് തുക നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ആവശ്യ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യത അനുസരിച്ചും മുൻഗണന ക്രമത്തിലും തുക അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**വണ്ടൂർ നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2025-26 (29/01/2026) വരെ മനുഷ്യ-വന്യജീവി സംഘർഷത്തിൽ ജീവഹാനി സംഭവിച്ചവരും അവരുടെ ആശ്രിതർക്ക് നൽകിയിട്ടുള്ള ധനസഹായവും**

| ക്രമ നം. | മരണപ്പെട്ടയാളുടെ പേരും മേൽവിലാസവും | സംഘർഷത്തിന് കാരണമായ വന്യജീവി | നഷ്ടപരിഹാരത്തിന് അർഹമായ തുക (രൂ) | നഷ്ടപരിഹാരമായി നൽകിയ തുക (രൂ) | നൽകാൻ ബാക്കിയായിട്ടുള്ള തുക (രൂ) |
|---|---|---|---|---|---|
| 1 | അയൂബ് എ.കെ., അണ്ടിക്കാടൻ ഹൗസ്, മാളിയേക്കൽ, കുരാട് | കാട്ടാന | 5,00,000 | 5,00,000 | 0 |
| 2 | ഷംസുദ്ദീൻ, കോട്ടക്കുന്നൻ, കരിപോയിൽ | പാമ്പ് | 2,00,000 | 2,00,000 | 0 |
| 3 | മെഹറീൻ കെ., കോട്ടക്കുന്നൻ ഹൗസ്, കൊളവട്ടം | പാമ്പ് | 2,00,000 | 2,00,000 | 0 |
| 4 | ഷാജഹാൻ, വാലയിൽ ഹൗസ്, തരിശ്, കണ്ടോട് | കാട്ടുപോത്ത് | 10,00,000 | 10,00,000 | 0 |
| 5 | ഗംഗാമതി ഓറോൺ, കോട്ടമ്മൽ എസ്റ്റേറ്റ്, 40 സെന്റ് കോളനി, ചോക്കാട് | കാട്ടാന | 10,00,000 | 10,00,000 | 0 |
| 6 | ഗഫൂർ അലി കെ.ടി., കളപ്പറമ്പൻ ഹൗസ്, കല്ലാമൂല, ചോക്കാട് | കടുവ | 10,00,000 | 5,00,000* | 5,00,000 |
| 7 | അബ്ദുൾ അഷറഫ്, പനനിലത്ത് ഹൗസ്, കണ്ടുത്തോട്, എടവണ്ണ | കാട്ടുപന്നി | 10,00,000 | 5,00,000* | 5,00,000 |
| | ആകെ | | **49,00,000** | **39,00,000** | **10,00,000** |

* അടിയന്തര ധനസഹായമായി അഞ്ച് ലക്ഷം രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് താമസംവിനാ നൽകുന്നതാണ്.

**വണ്ടൂർ നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2025-26 (29/01/2026) വരെ മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കേറ്റവർക്ക് നൽകിയിട്ടുള്ള ധനസഹായവും**

| ക്രമ നം. | പരിക്കേറ്റയാളുടെ പേരും മേൽവിലാസവും | നഷ്ടപരിഹാരമായി നൽകിയ തുക (രൂ) | നൽകാൻ ബാക്കിയായിട്ടുള്ള തുക (രൂ) |
|---|---|---|---|
| 1 | ശ്രീ. മുഹമ്മദ് ഇ.കെ., ഇരഞ്ഞിക്കുളവൻ ഹൗസ്, ചുള്ളിയോട് | 25,000 | 0 |
| 2 | ശ്രീ. കെ.സി. ശിബികുമാർ, കരുമാരപ്പറ്റ ഹൗസ്, വാണിയമ്പലം | 45,000 | 0 |
| 3 | ശ്രീ. രാജീവ് കൃഷ്ണൻ, പുത്തൻപുര ഹൗസ്, വണ്ടൂർ | 38,776 | 0 |
| 4 | ശ്രീ. സജി ജോസഫ്, കരിശുകുന്നൻ ഹൗസ്, അമരമ്പലം | 19,475 | 0 |
| 5 | ശ്രീ. ഇർഷാദ്, കോണകത്ത് ഹൗസ്, അമരമ്പലം | 56,007 | 0 |
| 6 | ശ്രീ. മുഹമ്മദലി, കപ്പനകത്ത് ഹൗസ്, മമ്പാട് | 82,836 | 0 |
| 7 | ശ്രീ. ഉമ്മർ, പള്ളിത്തൊടിക ഹൗസ്, ഉരിപ്പൊയിൽ, വണ്ടൂർ | 60,975 | 0 |
| 8 | ശ്രീ. മുജീബ് റഹ്മാൻ, പരിയാടത്ത് ഹൗസ്, ചോക്കാട് | 6,554 | 0 |

| | | | |
|---|---|---|---|
| 9 | ശ്രീമതി സാജിത, നരിക്കോട്ട് കന്നിന്മേൽ ഹൗസ്, അമരമ്പലം | 11,227 | 0 |
| 10 | ശ്രീ. മമ്മദ്, പൂങ്കുഴി ഹൗസ്, തൊടികപ്പുലം, പോരൂർ | 51,786 | 0 |
| 11 | ശ്രീ. വിജയകുമാർ, കുന്നത്ത് ഹൗസ്, അമരമ്പലം | 24,838 | 0 |
| 12 | ശ്രീ. മെഹബൂബ്, പണ്ടാരപ്പെട്ടി ഹൗസ്, ചോക്കാട് | 75,386 | 0 |
| 13 | ശ്രീ. അരുൺ സി.ജെ., ചക്കുംകളം ഹൗസ്, ചാത്തങ്ങോട്ടുപ്പുറം | 80,140 | 0 |
| 14 | ശ്രീ. അബ്ദുൾ കബീർ, നീർമുണ്ട ഹൗസ്,, പന്തലിങ്ങൽ | 1,00,000 | 0 |
| 15 | ശ്രീ. നൗഷാദ് ബാബു ടി., പന്തലിങ്ങൽ ഹൗസ്, പൂങ്ങോട് | 1,00,000 | 0 |
| 16 | ശ്രീ. ഷാജി കെ., കോൽക്കുളവൻ ഹൗസ്, നീലാഞ്ചേരി | 1,00,000 | 0 |
| | ആകെ | **8,78,000** | **0** |